മൂകാംബിക ബസിന്റെ സാന്ത്വനയാത്ര കൊയ്യത്ത് ചെങ്ങളായി പഞ്ചായത്ത് മെമ്പർ ദിനേശ് ഫ്ളാഗ് ഓഫ് ചെയ്യുന്നു

നന്ദനയുടെ ചികിത്സക്കായി 'മൂകാംബിക'യുടെ യാത്ര

ശ്രീകണ്ഠപുരം: അഞ്ചു വയസുകാരിയുടെ ചികിത്സയ്ക്കായി പണം കണ്ടെത്താൻ ഒരു ദിവസത്തെ കലക്ഷൻ മാറ്റി വെച്ച് ശ്രീ മൂകാംബിക ബസ്. പടിയൂർ പഞ്ചായത്തിൽ താമസിക്കുന്ന ബ്ലാത്തൂർ ഗാന്ധിവിലാസം സ്കൂൾ വിദ്യാർത്ഥിയായ കെ.നന്ദനയുടെ ചികിത്സക്ക് പണം കണ്ടെത്താനാണ് ബസ് ഓടിയത്. രക്താർബുദം ബാധിച്ച് മലബാർ ക്യാൻസർ സെന്ററിൽ ചികിത്സയിലാണ് നന്ദന. കണ്ണൂർ കൂത്തുപറമ്പ് റൂട്ടിലോടുന്നതാണ് മൂകാംബിക ബസ്. കൊയ്യത്ത് ചെങ്ങളായി പഞ്ചായത്ത് മെമ്പർ പി.ദിനേശൻ ഫ്ളാഗ് ഓഫ് ചെയ്തു. കെ.കെ.രഘുനാഥൻ അധ്യക്ഷത വഹിച്ചു. ബസ് ജീവനക്കാരായ സലാം കൊയ്യം, കെ.ഷിബു, കെ.അഖിൽ, കെ.രഞ്ജിത്ത്, യദുൽ കീഴുന്ന സംബന്ധിച്ചു.

യൂത്ത് ലീഗ് നേതാവ് താഹിറിന് നേരെയുണ്ടായ അക്രമത്തിൽ പ്രതിഷേധിച്ച് തളിപ്പറമ്പിലും ശ്രീകണ്ഠപുരത്തും നടന്ന പ്രകടനം

വീടിന് ചുറ്റും പച്ചക്കറിയുടെ പച്ചപ്പൊരുക്കി കുടുംബിനികൾ

തളിപ്പറമ്പ: കൃഷിയോടുള്ള പ്രണയത്താൽ വീടിന് ചുറ്റും ജൈവ പച്ചക്കറിയുടെ പച്ചപ്പ് തീർത്ത രണ്ട് വീട്ടമ്മമാരുണ്ട്. ദേശീയപാതയിൽ തൃച്ചംബരം സാംസ്കാരിക നിലയത്തിന് സമീപത്തെ പി. ഷബാന(36)യും അയൽവാസി സി.കെ.സുഷമയും. ജീവിതമാർഗമല്ല, ജൈവ സംസ്കൃതിയോടുള്ള സ്നേഹപ്രകടനമാണ് ഇവർക്ക് കൃഷി.

അഞ്ചുവർഷം മുമ്പ് ഒരേ ദിവസമാണ് ഇരുവരും കാർഷിക വൃത്തിയിലേക്ക് തിരിഞ്ഞത്. കാരണമായതാകട്ടെ കൂവോട് കൃഷിഭവനും. ഗ്രോബാഗ് സൗജന്യമായി നൽകുന്നതറിഞ്ഞാണ് നിരവധി പേർക്കൊപ്പം ഈ കുടുംബിനികളും കൃഷിഭവനിലെത്തിയത്. കൃഷിയെക്കുറിച്ച് ഇവിടെ നിന്നും ആഴത്തിൽ അറിഞ്ഞതോടെ ഇവർ മൺവെട്ടിയുമായി മണ്ണിലേക്കിറങ്ങി. ആദ്യം അടുക്കളത്തോട്ടം ഒരുക്കി. ആദ്യ വിളവെടുപ്പിൽ നിന്ന് ലഭിച്ച സംതൃപ്തിയാണ് വർഷങ്ങളോളം തുടരാൻ പ്രേരണയായത്. ഇന്ന് രണ്ടു പേരുടെയും വീടിന് ചുറ്റും പച്ചക്കറിയാണ്. വീടിനകത്ത് എത്താൻ കൃഷിയിടത്തിനകത്തൂടെ പോകണം. സാധാരണ നാട്ടിൽ ലഭിക്കുന്ന പച്ചക്കറികൾക്ക് പുറമെ ചില പരീക്ഷണങ്ങളും ഇവിടെയുണ്ട്. കാബേജ്, കോളിഫ്ളവർ, തക്കാളി, പോതീന ഇല, മല്ലിയില തുടങ്ങിയവ ഇവർ പരീക്ഷിച്ച് വിജയം കണ്ടു. പൂർണ്ണമായും ജൈവമാകണമെന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും ഒരുക്കമല്ല. പലതരണം കാന്താരികൾ കൃഷിയിടത്തിലുണ്ട്. ബന്ധുക്കളും സുഹൃത്തുക്കളും വീട്ടിലെത്തിയാൽ പോകുമ്പോൾ പച്ചക്കറി കൊടുത്തുവിടുന്നത് മനസിന് സന്തോഷം നൽകാറുണ്ടെന്ന് ഷബാന പറഞ്ഞു. പൂർണ പിന്തുണയുമായി വാർഡ് കൗൺസിലർ കെ.ലത ഇവർക്കൊപ്പമുണ്ട്. വൈവിധ്യ ഉൽപ്പന്നങ്ങളുടെ വിത്തുപാകി പുതുമയുടെ കൃഷിപാഠം രചിക്കാനാണ് ഈ സുഹൃത്തുക്കൾ ഒരുങ്ങുന്നത്.



ഷബാന തന്റെ കൃഷിയിടത്തിൽ

തളിപ്പറമ്പിൽ പനാമ ആർക്കേഡിൽ ഉനോവിച്ചി ഷോറൂം ഉദ്ഘാടന ചടങ്ങിൽ പ്രമുഖ വ്യാപാരി പനാമ മുസ്തഫ കെയ്ക്ക് മുറിക്കുന്നു. സമീപം എ.എൻ.ഷംസീർ എം.എൽ.എ, നഗരസഭ ചെയർമാൻ അള്ളാംകുളം മുഹമ്മദ്, വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡണ്ട് കെ.എസ്. റിയാസ്

പനാമ ആർക്കേഡിൽ ഉനോവിച്ചി ഷോറൂം തുറന്നു

തളിപ്പറമ്പ: പ്രമുഖ വസ്ത്ര കമ്പനിയായ ഉനോവിച്ചിയുടെ ഷോറൂം തളിപ്പറമ്പിൽ പനാമ ആർക്കേഡിൽ പ്രവർത്തനം ആരംഭിച്ചു. എ.എൻ.ഷംസീർ എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. ആദ്യ വിൽപ്പന നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ്, വ്യാപാരി വ്യവസായി ഏകോപന സമിതി യൂണിറ്റ് പ്രസിഡണ്ട് കെ.എസ്.റിയാസിന് നൽകി നിർവഹിച്ചു.

വൈവിധ്യ പൂർണ്ണമായ വസ്ത്രങ്ങളാണ് ഇവിടെ എത്തിച്ചിരിക്കുന്നത്. ഉനോവിച്ചിയിലെ വസ്ത്ര ശ്രേണി ഏവരെയും ആകർഷിക്കുമെന്ന് ഉറപ്പാണ്. ആദ്യത്തെ 399 ഉപഭോക്താക്കളിൽ നിന്നും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് റോയൽ എൻഫീൽഡ് ബുള്ളറ്റിൻ സമ്മാനമായി ലഭിക്കും.

ചങ്ങാതിക്കൂട്ടം സംഘടിപ്പിച്ചു

തളിപ്പറമ്പ: എം.എസ്.എഫ് മുക്കോല ശാഖ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചങ്ങാതിക്കൂട്ടം സംഘടിപ്പിച്ചു. ടി.കെ.മുബഷിറിന്റെ അധ്യക്ഷതയിൽ ജില്ലാ യൂത്ത്ലീഗ് സെക്രട്ടറി പി.സി.നസീർ ഉദ്ഘാടനം ചെയ്തു. ചങ്ങാതിക്കൂട്ടം പ്രതിജ്ഞ മുനിസിപ്പൽ എം.എസ്.എഫ് ജന. സെക്രട്ടറി പി.എ.ഇർഫാൻ ചൊല്ലികൊടുത്തു. മാടാളൻ ഹസൻ, ഷബീർ മുക്കോല, സഹദ് മലിക്കൻ, റിസ്വാൻ, സിനാൻ, മഷ്ഹൂർ, റംഷാദ്, നബീൽ, സി.കെ.അൽത്വഫ് സംസാരിച്ചു. ജന. സെക്രട്ടറി കെ. ഉമ്മർ കുട്ടി സ്വാഗതവും ട്രഷറർ ഫൈസൽ നന്ദിയും പറഞ്ഞു.

കളിയാട്ടം

പട്ടുവം: മംഗലശേരി കളരിക്കൽ വയനാട്ടുകുലവൻ ക്ഷേത്ര കളിയാട്ടം ഇന്നും നാളെയുമായി നടക്കും.

യൂത്ത്ലീഗ് ക്യു വലയം മാറ്റി

തളിപ്പറമ്പ: നോട്ട് നിരോധനത്തിൽ മുസ്ലിംയൂത്ത് ലീഗ് തളിപ്പറമ്പ് മുനിസിപ്പൽ കമ്മിറ്റി ഇന്ന് നടത്താൻ നിശ്ചയിച്ച പ്രതിഷേധ പരിപാടി ക്യു വലയം മുസ്ലിംലീഗ് നേതാവ് ഹമീദലി ഷംനാടിന്റെ നിര്യാണത്തെ തുടർന്ന് തിങ്കളാഴ്ചത്തേക്ക് മാറ്റി.

വാർഡ് സഭ നാളെ

തളിപ്പറമ്പ: പുളിമ്പറമ്പ് വാർഡ് സഭ നാളെ ഉച്ചക്ക് രണ്ടു മണിക്ക് പുളിമ്പറമ്പ് അന്നപൂർണ്ണ ഹാളിൽ ചേരും.

സി.പി.എമ്മിനെതിരെ യൂത്ത് ലീഗ് പ്രതിഷേധം

കണ്ണൂർ: മുസ്ലിംയൂത്ത് ലീഗ് മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട് കെ.പി. താഹിറിനെ സി.പി.എം അക്രമിച്ചതിൽ പ്രതിഷേധിച്ച് ജില്ലയിൽ വിവിധയിടങ്ങളിൽ യൂത്ത് ലീഗ് പ്രകടനം നടത്തി. കല്ലിക്കണ്ടിയിൽ സി.കെ. മുഹമ്മദലി, യൂനുസ് പട്ടാടം, റയീസ് പൂന്തോട്ടം, കെ.കെ. സിറാജ്, എം.പി. മുർഷിദ്, പി.കെ. ഹാഷിം നേതൃത്വം നൽകി.

പേരാവൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രകടനത്തിന് ജില്ലാ സെക്രട്ടറി നസീർ നെല്ലൂർ, സമീർ പുന്നാട്, സക്കരിയ്യ പാറയിൽ, അബ്ദുറഹ്മാൻ ചാല, കെ. ഷഫീഖ്, ഇജാസ്, ഫിറോസ്, ടി. ഖാലിദ്, അസ്ലം കാക്കയങ്ങാട്, ടി. സക്കരിയ്യ, അജ്മൽ ആറളം നേതൃത്വം നൽകി.

തളിപ്പറമ്പിൽ ജില്ലാ സെക്രട്ടറി പി.സി. നസീർ, എൻ.വി. ഷഫീഖ് മാസ്റ്റർ, ഉസ്മാൻ കൊമ്മച്ചി, ബപ്പു അഷ്റഫ്, കെ. മുസ്തഫ, കെ. റഷീദ് നേതൃത്വം നൽകി.

ശ്രീകണ്ഠപുരം പഴയങ്ങാടിയിൽ ജില്ലാ യൂത്ത് ലീഗ് വൈസ് പ്രസിഡണ്ട് എൻപി. റഷീദ് മാസ്റ്റർ, വിപി. മൂസാൻ, എകെ. നൗഷാദ്, എപി. മർസൂഖ്, കെപി. അബ്ദുറഹ്മാൻ, വിപി. സമദ്, വിപി. ശബീർ, യുപി മിസ്അബ്, യുപി. ശുഹൈബ്, സി. ഹൈദർ, എപി. അൻസാർ നേതൃത്വം നൽകി.

msf
mst മുക്കോല ശാഖ കമ്മിറ്റി
ചങ്ങാതിക്കൂട്ടം
2017 ജനുവരി 1 ഞായറാഴ്ച

എം.എസ്.എഫ് മുക്കോല ശാഖ കമ്മിറ്റിയുടെ ചങ്ങാതിക്കൂട്ടം ജില്ലാ യൂത്ത് ലീഗ് സെക്രട്ടറി പി.സി. നസീർ ഉദ്ഘാടനം ചെയ്യുന്നു

ഉദയഗിരി ജെ.സി.ഐ ഭാരവാഹികളുടെ സ്ഥാനാരോഹണം 9ന്

ആലക്കോട്: ഉദയഗിരി ജെസിഐ ഭാരവാഹികളുടെ സ്ഥാനാരോഹണം 9ന് വൈകുന്നേരം 6.30ന് ഉദയഗിരി യു.ആർ.സി സ്റ്റേഡിയത്തിൽ നടക്കും. ഡോ. ജയ്സൺ ജോസഫിന്റെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വികെ.സുരേഷ്ബാബു ഉദ്ഘാടനം ചെയ്യും. പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു, പ്രമോദ്കുമാർ, ദിലീപ് ടി.ജോസഫ് തുടങ്ങിയവർ പ്രസംഗിക്കും. റോയി ജോസഫ് (പ്രസിഡണ്ട്), ജിജോ തോമസ്, ടോം ജോസ് (വൈസ് പ്രസിഡണ്ട്), റെജി തോമസ് (സെക്രട്ടറി), മോഹൻദാസ് (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലുള്ള ഭാരവാഹികളാണ് സ്ഥാനമേൽക്കുന്നത്.

യോഗ ഇൻസ്ട്രക്ടർമാരെ തിരഞ്ഞെടുക്കുന്നു

പരിയാരം: പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ നടപ്പിലാക്കുന്ന യോഗപരിശീലന പരിപാടികളിലേക്ക് യോഗ ഇൻസ്ട്രക്ടർമാരെ തിരഞ്ഞെടുക്കുന്നു. ബി.എ.എം.എസ്, ബി.എൻ.വൈ.എസ് അല്ലെങ്കിൽ യോഗയിൽ ബിരുദാനന്തര ഡിപ്ലോമ/ബിരുദം എന്നീ യോഗ്യതകൾ ഉള്ളവർക്കായി 9ന് ഉച്ചക്ക് 12 മണിക്ക് പഞ്ചായത്ത് ഹാളിൽ കൂടിക്കാഴ്ച നടക്കും. വിശദ വിവരങ്ങൾക്ക് പരിയാരം ഗവ. ആയുർവേദ ആശുപത്രിയുമായി ബന്ധപ്പെടണം. ഫോൺ: 0460 2222155

ശ്രീനാരായണ ഗുരുദേവ മന്ദിരം ഉദ്ഘാടനം ചെയ്തു

ആലക്കോട്: അരിവിളഞ്ഞപൊയിൽ എസ്.എൻ.ഡി.പി. ശാഖാ യോഗം നിർമ്മിച്ച ശ്രീനാരായണ ഗുരുദേവ മന്ദിരം ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ് ഉദ്ഘാടനം ചെയ്തു. യോഗം അസി. സെക്രട്ടറി കെ.കെ. ധനേന്ദ്രൻ അധ്യക്ഷത വഹിച്ചു. വി.പി. ദാസൻ, സ്വാമി പ്രേമാനന്ദ, പി.ആർ. ഭരതൻ, തോമസ് വെക്കത്താനം, ജോസ് പറയൻകുഴി, സാബു കല്ലടയിൽ, വി.ടി. ചെറിയാൻ, പി.വി. ബാലൻ, ശാന്ത സുരേന്ദ്രൻ, കെ.പി. രാജൻ പ്രസംഗിച്ചു. കാഞ്ഞിരത്തുംമുകളേൽ ഗോവിന്ദൻ, കുഞ്ഞിരാമൻ ആചാരി ആലപ്പടമ്പ് എന്നിവരെ ആദരിച്ചു. മോഹൻദാസ് കിളിർകുന്നേൽ സ്വാഗതവും വിശ്വംഭരൻ മുണ്ടിയാനിയിൽ നന്ദിയും പറഞ്ഞു.

മദ്യഷാപ്പ് അടച്ചുപൂട്ടൽ വിധി ഉടൻ നടപ്പിലാക്കണമെന്ന്

കണ്ണൂർ: ദേശീയ പാതയോരത്തെ മദ്യഷാപ്പുകൾ അടച്ചുപൂട്ടണമെന്ന സുപ്രീംകോടതി വിധി ഉടൻ നടപ്പിലാക്കണമെന്നും വിധിക്കെതിരെ പുനപരിശോധന ഹർജി നൽകരുതെന്നും എസ്.വൈ.എസ് കണ്ണൂർ സോൺ എക്സിക്യൂട്ടീവ് മീറ്റ് ആവശ്യപ്പെട്ടു. റഷീദ് കടാങ്കോടിന്റെ അധ്യക്ഷതയിൽ നിസാർ അതിരകം ഉദ്ഘാടനം ചെയ്തു. ഐ.പി.യൂസുഫ്, ഡി.സി.യൂനുസ്, മുസമ്മിൽ ചൊവ്വ, കെ.റിയാസ്, അബൂബക്കർ വാരം, പി.വി.ഖലീൽ, കെ.പി.യൂനുസ്, സജീർ സഖാഫി, ജമാൽ സിറ്റി, റാഫി അശ്രഫി, ജലാൽ വളപട്ടണം, സഈദ് ആറ്റടപ്പ, കെ.അൻസാരി പങ്കെടുത്തു. റാഷിദ് താഴെത്തെരു സ്വാഗതം പറഞ്ഞു.

സഫ്ദർ ഹാശ്മി അനുസ്മരണം ഒമ്പതിന്

തളിപ്പറമ്പ: 'അസ്തമയ പക്ഷികൾ വീണ്ടും പ്രഭാതത്തിലേക്ക്' സാംസ്കാരിക കൂട്ടായ്മയുടെ നേതൃത്വത്തിൽ സഫ്ദർ ഹാശ്മി രക്തസാക്ഷി അനുസ്മരണ സമ്മേളനം സംഘടിപ്പിക്കുന്നു. 9ന് വൈകീട്ട് മൂന്ന് മണിക്ക് ടൗൺ സ്ക്വയറിൽ നടൻ സന്തോഷ് കീഴാറ്റൂർ ഉദ്ഘാടനം ചെയ്യും. സി.വി.എൻ.ഇരിണാവ് അധ്യക്ഷത വഹിക്കും. അജിത് കൊളാടി പ്രഭാഷണം നടത്തും. അഡ്വ.പ്രേംപ്രസാദ്, ബാലകൃഷ്ണൻ പാപ്പിനിശേരി സംബന്ധിക്കും. വാർത്താസമ്മേളനത്തിൽ സി.വി.എൻ.ഇരിണാവ്, കുന്നൂൽ പത്മനാഭൻ, വി.വി.ശശീന്ദ്രൻ, സിദ്ധീഖ് കുറിയാലി, സി.രമേശൻ സംബന്ധിച്ചു

ജല സ്രോതസുകൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം

ആലക്കോട്: കുടിവെള്ള ക്ഷാമം അതിരൂക്ഷമായ മലയോര മേഖലയിലെ ജലസ്രോതസുകൾ സംരക്ഷിക്കാൻ പഞ്ചായത്തുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കർഷക കോൺഗ്രസ് മണ്ഡലം കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ മണ്ഡലം പ്രസിഡണ്ട് അപ്പുക്കുട്ടൻ സ്വാമിമഠം അധ്യക്ഷത വഹിച്ചു. ആന്റണി കൊങ്ങംമ്പുഴ, ജോസ് കളപ്പുര, വിനോയി പാലനാനിയിൽ, കുട്ടിച്ചൻ കുഴിക്കാട്ട്താഴെ, ടോമി കാഞ്ഞിരക്കാട്ടുകുന്നേൽ, റിജോ മാത്യു കുളമ്പേൽ, ബൈജു പള്ളിപ്പുറം, മാത്യു ചിറവയൽ, ഷാജി മാടത്താനി, ജോർജ് അള്ളുംപുറം, സുബിൻ കുന്നേൽ, കെ.കെ.രാജു, ബെന്നി കിഴക്കേഭാഗത്ത് പ്രസംഗിച്ചു.

ആശ്രമത്ത് ചിറ – വരിപ്പട റോഡ് സംരക്ഷണം: യോഗം നാളെ

തളിപ്പറമ്പ: രാജരാജേശ്വര ക്ഷേത്രത്തിന് സമീപത്തെ ആശ്രമത്ത് ചിറ-വരിപ്പട റോഡ് സംരക്ഷിക്കാൻ പ്രദേശവാസികൾ ഒരുങ്ങുന്നു. ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും റസിഡൻസ് അസോസിയേഷനുകളുടെയും സംയുക്തയോഗം ഇതിനായി നാളെ വൈകീട്ട് മൂന്ന് മണിക്ക് ചിറവക്ക് നീലകണ്ഠ അയ്യർ സ്മാരക മന്ദിരത്തിൽ ചേരും. ക്ഷേത്ര ചിറ നവീകരണത്തെ സംബന്ധിച്ചും യോഗത്തിൽ ചർച്ച ചെയ്യും. ചിറവക്ക് മുതൽ ക്ഷേത്രനട വരെ വരിപ്പട റോഡ് നന്നാക്കണമെന്ന് തമ്പുരാൻ നഗർ റസിഡൻസ് അസോസിയേഷൻ പലതവണ ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഫലമുണ്ടായില്ല. ഈ സാഹചര്യത്തിലാണ് നാട്ടുകാർ യോഗം ചേരുന്നത്.

പ്രാർത്ഥന തന്നെ ആരാധന
വെള്ളി 4.30
പുതിയ ബസ്സാന്റിന് സമീപം
പങ്കെടുക്കുന്നവർ : ഫൈസൽ മൗലവി, സി.പി. സലീം, അബ്ദുൽമാലിക
SNS THALASSERY

തലശേരിയിൽ മുജാഹിദ് വിസ്ഡം സംഘടിപ്പിച്ച ആദർശ സമ്മേളനം ഫൈസൽ മൗലവി പുതുപ്പറമ്പ് ഉദ്ഘാടനം ചെയ്യുന്നു

വ്യാജ ആത്മീയ കേന്ദ്രങ്ങൾ അടച്ചു പൂട്ടണം: വിസ്ഡം

തലശേരി: ഏകദൈവാരാധന പഠിപ്പിക്കുന്ന ഇസ്ലാമിനെ വികൃതമാക്കി വ്യാജ ആത്മീയ കേന്ദ്രങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശക്തമായ ബോധവൽക്കരണത്തോടൊപ്പം ഇത്തരം കേന്ദ്രങ്ങൾക്കെതിരെ നിയമ നടപടികളും അനിവാര്യമാണെന്ന് വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ തലശേരിയിൽ സംഘടിപ്പിച്ച മുജാഹിദ് ആദർശ സമ്മേളനം അഭിപ്രായപ്പെട്ടു.

വിസ്ഡം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഫൈസൽ മൗലവി പുതുപ്പറമ്പ് ഉദ്ഘാടനം ചെയ്തു. വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ കൺവീനർ സി.പി.സലീം, മുജാഹിദ് ബാലുശേരി, അബ്ദുൽ മാലിക് സലഫി, ശുറൈഹ് സലഫി വിഷയം അവതരിപ്പിച്ചു. ഐ.എസ്.എം സംസ്ഥാന സെക്രട്ടറി അബ്ദുല്ല ഫാസിൽ, കെ.പി.ബിഖാരി, ടി.പി.മുഹമ്മദ് മദനി, ഇസ്മാഈൽ കിണവക്കൽ, അബ്ദുൽഅസീസ് സംബന്ധിച്ചു.

വെളിച്ചം16
ദ്വിദിന

വെളിച്ചം ദ്വിദിന പരിശീലനം തളിപ്പറമ്പിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വി.വി. ഗോവിന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

വെളിച്ചം ദ്വിദിന പരിശീലന പരിപാടി

തളിപ്പറമ്പ: സർവ്വശിക്ഷാഅഭിയാൻ തളിപ്പറമ്പ നോർത്ത് ബി.ആർ.സിയുടെ ആഭിമുഖ്യത്തിൽ മദ്രസാ അധ്യാപകർക്ക് നടത്തിയ വെളിച്ചം ദ്വിദിന പരിശീലന പരിപാടി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ പ്രസിഡണ്ട് കെ.പി.കമാലുദ്ദീൻ മൗലവിയുടെ അധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വി.പി.ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. പി.മുഹമ്മദലി മൗലവി, അബ്ദുറഹിമാൻ സഖാഫി, കെ.കെ.പി.കുഞ്ഞബ്ദുള്ള മാസ്റ്റർ, മുഹമ്മദ് കീത്തേടത്ത്, ഇ.പി.രമേശൻ, ആർ.ഗോപാലൻ പ്രസംഗിച്ചു.

ഏകദിന സ്ട്രസ് മാനേജ്മെന്റ് ശില്പശാല

കണ്ണൂർ: മനഃശാസ്ത്രജ്ഞൻ ഡോ.സി.കെ.അനിൽകുമാറിന്റെ നേതൃത്വത്തിൽ 14ന് സയൻസ് പാർക്കിൽ ഒരു ഏകദിന സ്ട്രസ് മാനേജ്മെന്റ് ശിൽപശാല നടക്കും. വിവിധ തരം ധ്യാന രീതികൾ, മ്യൂസിക് തെറാപ്പി, ഹിപ്നോതെറാപ്പി, എൻ.എൽ.പി, ബ്രെയിൻജിം, ടി.എ, ഡാൻസ് തെറാപ്പി, മൈന്റ് ട്യൂണിങ്ങ് മെത്തേഡ് തുടങ്ങിയവ ഉൾപ്പെടുത്തി പരിശീലനം നൽകും. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9544252544, 9526005689 നമ്പറിൽ ബന്ധപ്പെടണം.

നമ്പ്യാർ മഹാസഭ പ്രവർത്തക സംഗമം നാളെ

കണ്ണൂർ: നമ്പ്യാർ മഹാസഭ പ്രവർത്തക സംഗമം നാളെ കേന്ദ്ര കമ്മിറ്റി കാര്യാലയത്തിൽ കാലത്ത് 10 മണിക്ക് ചേരും.

മാസാന്ത സ്വലാത്ത് മജ്ലിസ് നാളെ

ആലക്കോട്: നെടുവോട് ജുമാമസ്ജിദ് ആഭിമുഖ്യത്തിലുള്ള മാസാന്ത സ്വലാത്തും ജീലാനി അനുസ്മരണവും നാളെ നടക്കും. സി.കെ.എസ്. ദാരിമി പ്രഭാഷണം നടത്തും.

അരിവിളഞ്ഞപൊയിൽ ശ്രീനാരായണ ഗുരുദേവ മന്ദിരം അരയാക്കണ്ടി സന്തോഷ് ഉദ്ഘാടനം ചെയ്യുന്നു.

വിമുക്തഭട കുടുംബസംഗമം നാളെ

തളിപ്പറമ്പ: കേരള സ്റ്റേറ്റ് എക്സ് സർവ്വീസസ് ലീഗ് തളിപ്പറമ്പ യൂണിറ്റിന്റെ നേതൃത്വത്തിൽ വിമുക്തഭട മാസാചരണ സമാപന സമ്മേളനവും കുടുംബസംഗമവും നടക്കും. നാളെ രാവിലെ 10 മണിക്ക് അക്കിപ്പറമ്പ് യു.പി സ്കൂളിൽ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്യും. സി.സുരേന്ദ്രൻ അധ്യക്ഷത വഹിക്കും. പി.വി.മനീഷ് ശൗര്യചക്ര, 80 വയസ് കഴിഞ്ഞ മെമ്പർമാരെയും വിധവകളെയും ആദരിക്കും. സി.അരവിന്ദാക്ഷൻ, റിട്ട.കേണൽ പി.കണ്ണൻ, എൻ.വി.ജനാർദ്ദനൻ നമ്പ്യാർ, എം.ആർ.നാരായണൻ നമ്പ്യാർ, ബാലചന്ദ്രൻ നമ്പ്യാർ, എം.പി.നാരായണൻ, എൻ. ശാന്തമ്മ ടീച്ചർ, ശശിധരൻ നായർ, ജാനകി കൃഷ്ണൻ സംസാരിക്കും. പി.വി.ജനാർദ്ദനൻ നമ്പ്യാർ സ്വാഗതവും ടി.വി.കുഞ്ഞികൃഷ്ണൻ നമ്പ്യാർ നന്ദിയും പറയും. കലാപരിപാടികൾ ഉണ്ടായിരിക്കും.

സാംസ്കാരിക സദസും പുസ്തക പ്രകാശനവും

ശ്രീകണ്ഠപുരം: കാഞ്ഞിരക്കൊല്ലി ജനശക്തി വായനശാല നടത്തിയ സാംസ്കാരിക സദസ് സാഹിത്യകാരൻ പ്രൊഫ. എൻ. പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം. അനിൽകുമാർ അധ്യക്ഷനായി. അതിഥികളെ ബെന്നി സെബാസ്റ്റ്യൻ പരിചയപ്പെടുത്തി. എൻ. പ്രഭാകരന്റെ രണ്ട് പുസ്തകങ്ങൾ പ്രകാശനം ചെയ്തു. മറുപിറവിയും മറ്റുകഥകളും നോവലിസ്റ്റ് ബിനോയ് തോമസ് പി.എം. ജോണിന് നൽകി പ്രകാശനം ചെയ്തു. പത്ത് പ്രഭാഷണങ്ങൾ ഫാ. ലൂയി മരിയദാസ് മേനാച്ചേരി ഇരിട്ടി താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി എം. ശ്രീനേഷിന് നൽകി പ്രകാശനം ചെയ്തു. പി.എഫ് വർക്കി സ്വാഗതവും ഷിജോ നെടുമുറ്റം നന്ദിയും പറഞ്ഞു.

ഉദ്ദിഷ്ട കാര്യം സാധിച്ചതിന്
ഉപകാര സ്മരണ നേരുന്നു
ഒരു വിശ്വാസി

LOST

A CDC (Continous Discharge Certificate -cum- Seafaress identity document) in my name numbered MUM 198547 has been lost during my travel from Alakode. I kindly request to return if found. If not found, I will be forced to apply for the duplicate.

Yours sincerely,
Ashwin Muthiramala Raj
Muthiramala House
Alakode (PO)
Ph: 8301034993

ഉദ്ദിഷ്ട കാര്യം സാധിച്ചതിന്
ഉപകാര സ്മരണ നേരുന്നു
ഒരു വിശ്വാസി

ആവശ്യമുണ്ട്

തളിപ്പറമ്പിലുള്ള പ്രമുഖ ബിൽഡിംഗ് മെറ്റീരിയൽ ഷോറൂമിലേക്ക് പ്രവൃത്തി പരിചയമുള്ള ബില്ലിംഗ് സ്റ്റാഫുകളെ ആവശ്യമുണ്ട്. (Male/Female)

Contact:
9895054393, 9947759192

ഇലക്ട്രോണിക് ത്രാസുകൾ
ഇപ്പോൾ 4200 രൂപ മുതൽ
ബന്ധപ്പെടുക
പ്രൊഫഷണൽ വെൻചേർസ്
ഹൈസ്കൂളിന് സമീപം, കല്ല്യാശേരി, കണ്ണൂർ– 670562
Ph: 9388433225, 9886581025, 9400580205
0.1 മില്ലിഗ്രാം മുതൽ 120 ടൺ വരെ എല്ലാ റേഞ്ചുകളിലും, വിവിധ മോഡലുകളിലും
ഉത്തരകേരളത്തിൽ ഉടനീളം എപ്പോഴും എവിടെയും
Counter Scale, Piece Counting Scale, Laboratory Scale, Price Computing Scale, Personal Scale, Bathroom Scale, Coin Operated Scale, Kitchen Scale, Animal Weighing Scale, Table Top Scale, Bench Scale, Platform Scale, Industrial Scale, Hanging Scale, Jewellery Scale, Electronic Weigh Bridge.

ഏകദിന സ്ട്രസ് മാനേജ്മെന്റ് ശിൽപശാല

പ്രശസ്ത മനഃശാസ്ത്രജ്ഞനും സ്ട്രസ്സ് മാനേജ്മെന്റ് ഗുരുവുമായ ഡോ.സി.കെ. അനിൽകുമാറിന്റെ നേതൃത്വത്തിൽ ജനുവരി 14ന് ശനിയാഴ്ച കണ്ണൂർ സയൻസ് പാർക്കിൽ വെച്ച് ഒരു ഏകദിന സ്ട്രസ്സ് മാനേജ്മെന്റ് ശിൽപ്പശാല നടത്തുന്നു. മാനസിക സമ്മർദ്ദം പരിഹരിക്കാനും ജീവിതവിജയം കൈവരിക്കുവാനും ഉതകുന്ന ഈ ശിൽപശാലയിൽ വിവിധതരം ധ്യാനരീതികൾ, മ്യൂസിക് തെറാപ്പി, ഹിപ്നോതെറാപ്പി, എൻ.എൽ.പി ബ്രെയിൻജിം, ടി.എച്ച, ഡാൻസ് തെറാപ്പി, മൈന്റ് ടൂണിങ്ങ് മെത്തേഡ് തുടങ്ങിയവ ഉൾപ്പെടുത്തി പരിശീലനം നൽകുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9544252544, 9526005689 നമ്പറിലേക്ക് ബന്ധപ്പെടുക.